**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** **10-06-2024 - ൽ മറുപടിയ്ക്ക്**

**അന്തർസംസ്ഥാന അവയവ മാഫിയയ്ക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്ന അവയവ മാഫിയ സംഘത്തിന്റെ വേരുകൾ സംസ്ഥാനത്തും പ്രവർത്തിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇത് സംബന്ധിച്ച് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 544/2024 U/s 370, 34 IPC & Sec. 19 (a) (b) (c) of Transplantation of Human Organs and Tissues Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 13 അംഗ അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തി വരുന്നു. അന്വേഷണത്തിൽ പ്രതികളായി കണ്ടെത്തിയ സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലൻകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്കെതിരെ Blue Corner നോട്ടീസ് പുറപ്പെടുവിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതുമാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ പാലക്കാട്ടുള്ള ഷമീർ എന്നയാൾ ഇറാനിൽ പോയി കിഡ്നി നൽകിയിട്ടുള്ളതായി അറിവായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| (ബി) | ഇത്തരം മാഫിയയുടെ പ്രവർത്തനങ്ങൾക്കെതിരെ സംസ്ഥാന പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇത് സംബന്ധിച്ച് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 544/2024 U/s 370, 34 IPC & Sec. 19 (a) (b) (c) of Transplantation of Human Organs and Tissues Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 13 അംഗ അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തി വരുന്നു. അന്വേഷണത്തിൽ പ്രതികളായി കണ്ടെത്തിയ സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലൻകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്കെതിരെ Blue Corner നോട്ടീസ് പുറപ്പെടുവിക്കുന്നതിന് അപേക്ഷ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുള്ളതുമാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ പാലക്കാട്ടുള്ള ഷമീർ എന്നയാൾ ഇറാനിൽ പോയി കിഡ്നി നൽകിയിട്ടുള്ളതായി അറിവായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| (സി) | അന്തർസംസ്ഥാന ബന്ധങ്ങളുള്ള അവയവ മാഫിയയുടെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേസന്വേഷണത്തിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ